കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ ആഡംബരത്തിനോ എടുത്തിട്ടുള്ള കടങ്ങൾ കടാശ്വാസത്തിനായി പരിഗണിക്കുന്നതല്ല. 20-2-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 31-5-2009 -ആയി നിശ്ചയിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിൽ കർഷക ആത്മഹത്യ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠിക്കുകയും പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരിൽനിന്നും നിലവിൽ കമ്മീഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. വയനാട് ജില്ലയിൽ മാത്രമാണ് ഈ സൗകര്യം ഇപ്പോഴും നിലവിലുള്ളത്. അതുപ്രകാരമുള്ള അപേക്ഷ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ടുവർഷ കാലമായിട്ട് കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല. 2014 മാർച്ച് 31 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീമതി കെ. കെ. ലതിക</u> : സർ, 2015 ജൂൺ മാസത്തോടുകൂടി കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി കഴിയുകയാണ്. കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടുന്നതിന് നിയമ ഭേദഗതി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, അത് ഒറ്റയടിക്ക് പയാൻ സാദ്ധ്യമല്ല. കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടാൻ കഴിയുമോ എന്നുള്ളകാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

11.00 AM]

IV സബ്മിഷൻ

1. ഇടുക്കി പാക്കേജ്

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, വളരെ സുപ്രധാനമായ കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള ഇടുക്കി പാക്കേജിന് 2008 നവംബർ മാസം 20-ാം തീയതിയാണ് കേന്ദ്രാനുമതി ലഭിച്ചത്. 765 കോടി രൂപയായിരുന്ന അടങ്കൽ തുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തോട്ടവിളകൾ, ഗ്രാമീണ ഗതാഗതം, മൃഗസംരക്ഷണം, നീർത്തട വികസനം, ഹോർട്ടി കൾച്ചർ, കൃഷി, വനം, മത്സ്യ കൃഷി തുടങ്ങിയ മേഖലകളുടെ വികസനമാണ് പ്രധാനമായും ഈ പാക്കേജിൽ ലക്ഷ്യമിട്ടിരുന്നത്. ഇടുക്കി പാക്കേജിന് അനുവദിച്ച പണം പൂർണ്ണമായും ഈ മേഖലയിൽ വിനിയോഗിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. വിവിധ വകുപ്പുകൾവഴി സമർപ്പിച്ച പദ്ധതികൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നു. ഈ പാക്കേജിന്റെ കാലാവധി പര്യവസാനിച്ചിരിക്കുന്നുവെന്നതാണ് അവിടുത്തെ കാർഷിക മേഖലയിൽ ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട്. മേൽ സൂചിപ്പിച്ച ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി തുടർന്നുവരുന്ന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന്, കുട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിക്കിട്ടിയതുപോലെ ഇടുക്കി പാക്കേജിന്റെ കാലാവധികൂടി ദീർഘിപ്പിച്ച് 765 കോടി രൂപയുടെ പ്രവർത്തനങ്ങൾ ജില്ലയിലെ സമഗ്രമായ കാർഷിക വികസനത്തിനുതകുന്ന വിധത്തിൽ മുന്നോട്ട് കൊണ്ടുപോകാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നേടിയെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ കൃഷിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് സൗഹാർദ്ദമായ നിലപാടോടുകൂടിയ സമീപനം ഗവൺമെന്റ് സ്വീകരിക്കുകയും ഇടുക്കിയിലെ കാർഷികമേഖലയിലുണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ എങ്കിലും പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിച്ച ഇടുക്കി പാക്കേജ് പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ പറഞ്ഞ ഇടുക്കി പാക്കേജ് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇടുക്കി പാക്കേജിന് 20-11-2008-നാണ് കേന്ദ്ര കാബിനറ്റ് അഞ്ചുവർഷത്തേക്ക് അംഗീകാരം നൽകിയത്. അഞ്ചു വർഷം പൂർത്തിയായതിനെത്തുടർന്ന് ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി കേന്ദ്ര കൃഷി മന്ത്രാലയത്തിൽനിന്നും അറിയിച്ചിട്ടുണ്ട്. രണ്ടുവർഷത്തേക്ക് കൂടിയെങ്കിലും കാലാവധി നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കാലാവധി നീട്ടിയതായി ഒരു കമ്മ്യൂണിക്കേഷൻ ഇതുവരെ കിട്ടിയിട്ടില്ല. അതേ സമയം, പാക്കേജിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ തുടർനടപടികൾ സ്വീകരിക്കുന്നതിന് യാതൊരു വിധത്തിലുള്ള തടസ്സവുമുണ്ടാകില്ലെന്ന് അറിയിച്ചിട്ടുണ്ട്. കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള സ്കീമുകളിലുൾപ്പെടുത്തി നടത്താവുന്നതാണെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി 13-11-2014-ൽ

LIBRARY ARCHIVES Kerala Legislative Assembly

എനിക്കയച്ച കത്തിൽ നിർദ്ദേശിച്ചിരുന്നു. അതുകൊണ്ട് കാലാവധി അവസാനിച്ചുവെന്നത് ഒരു തടസ്സമാവില്ല. ഈ പാക്കേജ് അനുസരിച്ച് 751.28 കോടി രൂപയുടെ ഡി.പി.ആർ. നമ്മൾ കേന്ദ്ര സർക്കാരിന് ഇതിനോടകം സമർപ്പിച്ചു. 481 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം നൽകി. അതിൽ 260 കോടി രൂപ റിലീസ് ചെയ്ത് തന്നിട്ടുണ്ട്. ബാക്കിയുള്ള തുക യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനനുസരിച്ച് ലഭിക്കും. ഇതിനോടകം അംഗീകാരം കിട്ടിയ പദ്ധതികൾക്കെല്ലാം റിക്വയർമെന്റ് അനുസരിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ അനുമതി തരുമെന്നാണ് പൂർണ്ണമായ പ്രതീക്ഷ. ഇടുക്കി പാക്കേജിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എല്ലാ നടപടികളുമെടുക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറോട് പറയാൻ ആഗ്രഹിക്കുകയാണ്. ആവശ്യമെങ്കിൽ അവിടത്തെ ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗം വിളിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

2. പോസ്റ്റുമോർട്ടം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കേരളത്തിൽ ആതുര ശുശ്രൂഷാ രംഗത്ത് ഉജ്ജ്വലമായ തിളക്കം നൽകാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദിനംതോറും അതിന്റെ മാറ്റ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ജനജീവിതത്തെ തീരാദുരിതത്തിലാക്കുംവിധം നമ്മുടെ വികലമായ പോസ്റ്റുമോർട്ടം സമ്പ്രദായം പൂർണ്ണചന്ദ്രനെ ബാധിച്ച ഗ്രഹണമായി തീർന്നിരിക്കുകയാണ്. ഈ രാഹുകേതുക്കളിൽ നിന്ന് ജനങ്ങളെ രക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്. അഞ്ചു തവണ ഇതിനായി സബ്മിഷൻ ഉന്നയിച്ച ആളാണ് ഞാൻ. ഇത് ആറാമത്തെ സബ്മിഷനാണ്. മന്ത്രിസഭാതലത്തിൽ അനുകൂലമായ തീരുമാനമുണ്ടായിട്ടും നടപടികളുണ്ടായില്ല. സാമൂഹികമായ അനുരഞ്ജനത്തിനും സഹവർത്തിത്വത്തിനും പോസ്റ്റുമോർട്ടം സമ്പ്രദായം പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ട ഒരു ജനപ്രതിനിധിയാണ് ഞാൻ. 24 മണിക്കൂർ പോസ്റ്റുമോർട്ടം സാങ്കേതിക കാരണങ്ങളാൽ പറഞ്ഞുനീട്ടരുതെന്ന് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നവരാണ് ഈ സഭയിലെ മുഴുവൻ എം.എൽ.എ.-മാരും. റോഡപകടങ്ങളിൽ മരിക്കുന്നവരുടെ ജഡം വൈകുന്നേരം നാലുമണി കഴിഞ്ഞാൽ പോസ്റ്റുമോർട്ടം ചെയ്യാത്തതുകൊണ്ട് എം.എൽ.എ.-മാരും ജനങ്ങളും മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങളും അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ ഞാൻ അടക്കം പല എം.എൽ.എ.-മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. എപ്പോഴും ജനങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി ജീവിക്കുന്ന പ്രിയപ്പെട്ട മുഖ്യമന്ത്രിയ്ക്കപോലും അത്തരം വേളകളിൽ